നം.കെ.എസ്.എ.പി.റ്റി.എ.പി9-776/2017 തീയതി :04.07.2017

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.12.2016 മുതൽ 09.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതൽ 21.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ എൻ.പ്രദീപ്കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജ്യോതിലക്ഷ്മി.ആർ , ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രജനി.എം | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.പി.എം. അലക്സാണ്ടർ | 01.04.2016 മുതൽ 30.11.2016 വരെ |
| | ശ്രീമതി അംബിക റ്റി.എസ് അസി. സെക്രട്ടറി (ചാർജ്) | 01.12.2016 മുതൽ 23.12.2016 വരെ |
| | ശ്രീ.ആർ.സുരേഷ്കുമാർ<br>ജൂനിയർ സൂപ്രണ്ട് (ചാർജ്) | 24.12.2016 മുതൽ 26.12.2016 വരെ |
| | ശ്രീമതി ശാന്തി എസ് | 27.12.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 02.03.2016 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 04.03.2016 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | 29.03.2017 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതുപോലെ തനതു വരുമാനം ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി | 8000000 | 4728502 | 3271498 |
| തൊഴിൽ നികുതി | 4200000 | 4085630 | 114370 |
| വാടക | 3354000 | 830890 | 2523110 |
| പരസ്യം | 10000 | 0 | 10000 |
| ഡി. ആന്റ്. ഒ ലൈസൻസ് | 600000 | 266600 | 333400 |
| വിനോദ നികുതി | 30000 | 18720 | 11280 |
| പെർമിറ്റ് ഫീ | 400000 | 223075 | 176925 |
| സേവന ഉപനികുതി | 1000000 | 949866 | 50134 |

| | | | |
|---|---|---|---|
| മറ്റുള്ളവ | 1025000 | 998338 | 26662 |

സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയിട്ടുള്ള പരസ്യ നികുതി ഉൾപ്പെടെയുള്ള മുഴുവൻ നികുതി ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ബജറ്റിനോട് ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 8078221 | 16312075 | 8233854 |
| വരവ് | 152935000 | 78886369 | 74048631 |
| ആകെ | 161013221 | 95198444 | 65814777 |
| ചെലവ് | 157097550 | 70102899 | 86994651 |
| നീക്കിയിരിപ്പ് | 3915671 | 25095545 | -21179874 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15.05.2017 | 30.05.2017 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനത ഉണ്ട്.

1. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല. പൊതുമരാമത്ത് കരാറുകാരിൽ നിന്ന്/ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരിൽ നിന്ന്/ വിവിധ സാധനങ്ങൾ സപ്ലൈ ചെയ്തവരിൽനിന്ന്/ മാർക്കറ്റ് ലേലം കൊണ്ടവരിൽനിന്ന് എന്നിങ്ങനെ ഡെപ്പോസിറ്റിന്റെ വിവരം ഇനംതിരിച്ച് സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഷെഡ്യൂൾ ബി-7ൽ സൂചിപ്പിച്ച തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
2. വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 16312075 |
| വരവ് | 78886369 |
| ആകെ | 95198444 |
| ചെലവ് | 70102899 |
| നീക്കിബാക്കി | 25095545 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | *ചെലവ്* | *ബാലൻസ്* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വരവ് | | |
| വികസന ഫണ്ട് (ജനറൽ) | 0 | 13077171 | 13077171 | 11642643 | 1434528 |
| എസ്.സി.പി | 0 | 4929153 | 4929153 | 2914449 | 2014704 |
| റ്റി.എസ്.പി | 0 | 21291 | 21291 | 21291 | 0 |
| ലോകബാങ്ക് ധനസഹായം | 0 | 4069748 | 4069748 | 414400 | 3655348 |
| സി.എഫ്. സി ഗ്രാന്റ് | 0 | 7333152 | 7333152 | 6095222 | 1237930 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23200908 | 23200908 | 16953270 | 6247638 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3945552 | 3945552 | 3533329 | 412223 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 263 | 165 | 10 | 98 | 62.74 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 11 | 5406449 | 11 | 1777542 | 32.88 |
| സേവനം | 66 | 34162778 | 42 | 19530333 | 57.17 |
| പശ്ചാത്തലം | 186 | 51352810 | 112 | 28284759 | 55.08 |
| ആകെ | 263 | 90922037 | 165 | 49592634 | 54.54 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 8114861 | 10695412 | 2580551 |
| നികുതിയേതര വരവുകൾ | 2456375 | 1825807 | -630568 |
| മറ്റ് വരവുകൾ | 23461 | 402962 | 379501 |
| ആകെ | 10594697 | 12924181 | 2329484 |

നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നികുതിയേതര വരുമാനത്തിലുണ്ടായ കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല.നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2017ന് 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17063രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 02.03.2017 മുതൽ 03.03.2017 വരെ | 12/2016 & 01/2017 | 19.04.2017 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2014 മുതൽ 21.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 16.05.2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി

(1) പ്ലക്കാട്ട് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് - തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം പ്ലക്കാട്ട് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ നിന്നും 105 ജീവനക്കാർ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവരുടെ അർദ്ധവാർഷിക വരുമാനമോ അടവാക്കേണ്ട നികുതിയോ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് അടിയന്തിരമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2) 2016-17 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷത്തെ | |
|---|---|---|---|
| | | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തൊഴിൽ നികുതി |

| | | | |
|---|---|---|---|
| 1 | മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ് | 2 | 600 |
| 2 | റേഞ്ച് ഫോറസ്റ്റ്, കോന്നി | 30 | 33950 |
| 3 | പോസ്റ്റ്മാസ്റ്റർ, പത്തനംതിട്ട, പെരിഞ്ഞൊട്ടയ്ക്കൽ ബ്രാഞ്ച് ഓഫീസ് | 2 | 1050 |
| ആകെ | | | 35600 |

തൊഴിൽ നികുതി ഈടാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വിനോദനികുതി, പരസ്യ നികുതി - തുടർനടപടികൾ സ്വീകരിച്ചില്ല

(I) കോന്നി ആനക്കൂട്ടിൽ നിന്നും പ്രവേശന പാസ്സ് ഇനത്തിൽ ഗണ്യമായ വരുമാനം വനം വകുപ്പിന് ലഭിച്ച് വരുന്നുണ്ട്. ആയതിന് ആനുപാതികമായി വിനോദനികുതി ഈടാക്കി പഞ്ചായത്തിലേക്ക് ഒടുക്ക് വരുത്തുന്നില്ല. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 04.01.2017 ലെ 5-ാം നമ്പർ തീരുമാനപ്രകാരം കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന് 08.01.2017 ൽ കത്തു നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

കോന്നി ആനക്കൂട്ടിൽ നിന്നുള്ള വരുമാനത്തിന് ആനുപാതികമായി വിനോദനികുതി ഈടാക്കുന്നതിന് ഭരണവകുപ്പ് മുഖേന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ii) പരസ്യനികുതി ഈടാക്കുന്നതിന് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച ബൈലോ നിശ്ചിത മാതൃകയിൽ അല്ലായെന്നും ബൈലോ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്നും സൂചിപ്പിച്ച് അപാകതകൾ പരിഹരിക്കുന്നതിനായി 03.03.2012 ലെ സി5/5278/12 നമ്പർ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടർ തിരികെ നൽകിയിരുന്നു. എന്നാൽ ഇതിന്മേൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോന്നി മാർക്കറ്റിൽ മാലിന്യം കുമിഞ്ഞു കൂടുന്നു - നിസ്സംഗതയോടെ ഗ്രാമപ്പഞ്ചായത്ത്

കോന്നി നാരായണപുരം മാർക്കറ്റിലും ഠൗണിലുമായി കുമിഞ്ഞുകൂടുന്ന മാലിന്യം നീക്കം ചെയ്യുന്നതിനും പരിപാലിക്കുന്നതിനും ഗ്രാമപ്പഞ്ചായത്തിന് സംവിധാനമില്ല. ഠൗണിലെ വിവിധ ഭാഗങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി 2 പിക്ക്-അപ്പ് വാഹനങ്ങളാണുള്ളത്. (യഥാക്രമം KL3S- 3623, KL3S – 3590 എന്നീ രജിസ്ട്രേഷൻ നംപരുകൾ) ഇതിൽ ഒരെണ്ണം 2012 മുതലും രണ്ടാമത്തേത് 4/2017 മുതലും കേടായ നിലയിൽ ആണ്. ഇവ രണ്ടും ഉപയോഗയോഗ്യമല്ല എന്ന് വർക്ക്ഷോപ്പിൽ നിന്നും അറിയിച്ചതായി പഞ്ചായത്തധികൃതർ വിശദീകരിച്ചു. വ്യാപാരസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം നേരിട്ട് മാർക്കറ്റിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റിന്റെ ശേഷിയേക്കാൾ പതിന്മടങ്ങ് മാലിന്യം മാർക്കറ്റിൽ നിക്ഷേപിക്കപ്പെടുന്നുണ്ട്. മഴക്കാലത്ത് കൊതുകുജന്യ രോഗങ്ങൾ പകരാൻ അനുകൂലമായ സാഹചര്യം നിലനിൽക്കുന്നു.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് വിവിധ സ്ഥലങ്ങളിൽ 4 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2259901 രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം പദ്ധതി ആവിഷ്കരിച്ചിരുന്നു. ആയത് പ്രകാരം നിർവ്വഹണ സ്ഥാപനമായ IRTC, മുണ്ടൂർ, പാലക്കാട് -ന് വർക്ക് ഓർഡർ നൽകിയെങ്കിലും കരാർ അനുസരിച്ചുള്ള അഡ്വാൻസ് തുക ഇതേവരെ സ്ഥാപനത്തിന് നൽകിയിട്ടില്ലാത്തതിനാൽ അവ സ്ഥാപിക്കപ്പെട്ടില്ല.

കേരള സർക്കാരിന്റെ 24-9-16 ലെ 576/ഡി.സി.1/16/തസ്വഭവ സർക്കുലർ പ്രകാരം 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് നിരോധിക്കുന്നതും പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിയന്ത്രിക്കുന്നതും സംബന്ധിച്ച് 10-12-16 ൽ വ്യാപാരസ്ഥാപനങ്ങൾക്ക് പഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ജീവനക്കാരുടെ പങ്കാളിത്തത്തോടെ മിന്നൽപരിശോധന നടത്തുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. തുണിസഞ്ചികൾ ഉൾപ്പെടെയുള്ളവ ഉത്പാദിപ്പിക്കുന്നതിന് / പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമില്ല.

മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിലുള്ള വാഹനങ്ങൾ ഉപയോഗയോഗ്യമല്ലായെങ്കിൽ അപ്രകാരമുള്ള സാക്ഷ്യപത്രം പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും ലഭ്യമാക്കുന്നതിനും സർക്കാരിൽ നിന്നും അനുമതി വാങ്ങി പുതിയ വാഹനം

വാങ്ങുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള പദ്ധതി പ്രകാരം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ അടിയന്തിരമായി സ്ഥാപിച്ച് ജൈവ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-2 പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ തങ്ങളുടെ വസ്തുക്കളിന്മേൽ കൈയ്യേറ്റം നടക്കാത്തവണ്ണം സംരക്ഷിക്കുന്നതിന് കഴിയുന്നില്ല. ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വസ്തുവിന്റെ വിവരം/ സർവ്വേ നമ്പർ | വാർഡ് | വിസ്തീർണ്ണം |
|---|---|---|---|
| 1 | പഞ്ചായത്തിന്റെ സ്ഥലം 369/1-6, 389/1-6 | 16 | 8 ആർ |
| 2 | അംഗൻവാടി നം.50, 284/2-1 | 10 | 1 ആർ |
| 3 | അംഗൻവാടി നം.55, 254/2-3 | 5 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | അംഗൻവാടി നം.49, 287 | 10 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | ഗവ. യു.പി.എസ്. കോന്നി താഴം, 248/2-b | 8 | 17 ആർ |
| 6 | സ്കൂൾ കെട്ടിടം നിൽക്കുന്ന സ്ഥലം, 480/1/44 | 11 | 22 ആർ |
| 7 | പമ്പ് ഹൗസ് നിൽക്കുന്ന സ്ഥലം, 378/7-1 | 12 | 4 ആർ |
| 8 | ഗവ. എൽ.പി.എസ്. കോന്നി, 275/3 | 11 | 20 ആർ |
| 9 | സ്റ്റേഡിയം,273/9 | 16 | 18 ആർ |
| 10 | ജി.എൽ.പി.എസ്. അട്ടച്ചാക്കൽ, 219/1-6, 1-7, 1-5 | 3 | 33 ആർ |
| 11 | അംഗൻവാടി നം.61, 386/1-2 | 2 | രേഖപ്പെടുത്തിയിട്ടില്ല |
| 12 | സ്റ്റേഡിയം, 3827A-1 | 16 | 31 ആർ |
| 13 | അംഗൻവാടി നം.64, 225/A | 2 | രേഖപ്പെടുത്തിയിട്ടില്ല |
| 14 | പഞ്ചായത്തിന്റെ ഭൂമി, 125/1A-28/1 | 1 | 20 ആർ |
| 15 | പഞ്ചായത്തിന്റെ ഭൂമി, (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല) | 2 | 2 ആർ |
| 16 | പഞ്ചായത്തിന്റെ ഭൂമി, | രേഖപ്പെടുത്തിയിട്ടില്ല | 3 ആർ |

| | | | |
|---|---|---|---|
| | (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല) | | |
| 17 | പഞ്ചായത്തിന്റെ ഭൂമി, (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല) | 6 | 5 ആർ |
| 18 | പഞ്ചായത്തിന്റെ ഭൂമി, (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല, കോന്നി താഴം വില്ലേജ്) | 5 | 3 ആർ |
| 19 | പഞ്ചായത്തിന്റെ ഭൂമി, (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല, മലയാലപ്പുഴ വില്ലേജ്) | 5 | 3 ആർ |
| 20 | പഞ്ചായത്തിന്റെ ഭൂമി, (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല, ഐരവൺ വില്ലേജ്) | 4 | 3 ആർ |
| 21 | പഞ്ചായത്തിന്റെ ഭൂമി, (സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല, കോന്നി താഴം വില്ലേജ്) | 4 | രേഖപ്പെടുത്തൽ കൃത്യമല്ല. 248 ഹെക്ടർ എന്ന തെറ്റായ വിവരമാണ് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 22 | ബസ് സ്റ്റാന്റ്, 364/7-1/1 | 16 | 21 ആർ |
| 23 | നാരയണപുരം മാർക്കറ്റ്, 382/7-A2 | 16 | 31ആർ |
| 24 | നാരയണപുരം മാർക്കറ്റ്, 260/9, 261/2 | 16 | 8 ആർ |
| 25 | മത്സ്യ മാർക്കറ്റ്, 381/4-7,8,9,382 /7-B2,3 | 16 | 10 ആർ |

മേൽ സൂചിപ്പിച്ച വസ്തുക്കളിൽ പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയവ, ഇഷ്ടദാനമായി ലഭിച്ചവ, സർക്കാർ പുറമ്പോക്ക് വിട്ടുകിട്ടിയവ എന്നിങ്ങനെ ഇനം തിരിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ വസ്തുക്കളുടെ വിസ്തൃതി സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല എന്ന് വ്യക്തമായിട്ടുണ്ട് (ഉദാ. ക്രമ നം. 21). റവന്യൂ അധികാരികളുമായി ചേർന്ന് വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും ഇഷ്ടദാനമായി ലഭിച്ചതും വില കൊടുത്ത് വാങ്ങിയതുമായ വസ്തുക്കൾ പോക്കുവരവ് ചെയ്യുന്നതിനും ഇതേവരെ നടപടികൾ സ്വീകരിച്ചിട്ടുമില്ല. മാർക്കറ്റിന് സമീപമുള്ള ടെമ്പോസ്റ്റാന്റിന്റെ ഒരു വശത്തായി പഞ്ചായത്ത് മതിൽ കെട്ടിയതിനെതിരെ സമീപത്തുള്ള "കട്ടീസ് ഹോട്ടലി"ന്റെ പരാതിയിന്മേൽ നിലവിൽ (OS 203/10 നമ്പർ) കേസ് നടന്നുവരുന്നുണ്ട്. ടെമ്പോസ്റ്റാന്റിന്റെ ഒരു ഭാഗം തങ്ങളുടെ വഴിയാണെന്നും ആയത് പഞ്ചായത്ത് കയ്യേറിയതായുമാണ് പ്രസ്തുത സ്ഥാപനം വാദിക്കുന്നത്. മാർക്കറ്റും സമീപത്തുള്ള ടെമ്പോസ്റ്റാന്റും ഉൾപ്പെടുന്ന സ്ഥലം റവന്യൂ അധികാരികളുമായി ചേർന്ന് അളന്ന് തിട്ടപ്പെടുത്താത്തത് കേസിന്റെ തുടർനടപടികളെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനും അതനുസരിച്ച് ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്

## 3-3 ജലനിധി പ്രോജക്ടിനായുള്ള 14.3 ലക്ഷം വിനിയോഗിക്കാതെ

അവശേഷിക്കുന്നു

"ജലനിധി" ഒന്നാംഘട്ട പദ്ധതിക്കായി ലഭിച്ച തുകയിൽ 1433921 രൂപ (നാളിതുവരെയുള്ള പലിശ ഉൾപ്പെടെ) നിർവ്വഹണത്തിനായി കോന്നി എസ്.ബി.ഐ- യിലുള്ള (അക്കൗണ്ട് നംപർ 70062) അക്കൗണ്ടിൽ അവശേഷിക്കുന്നു. 2008-09-ൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാനിച്ചശേഷം നാളിതുവരെയും തുക തിരികെ സർക്കാരിലേക്ക് ഒടുക്കാതെ കൈവശം സൂക്ഷിച്ച് വരുന്നത് അഭിലഷണീയമല്ല.

പദ്ധതിയുടെ മെയിന്റനൻസിന് തുക ആവശ്യമുണ്ടോ എന്ന് ഗുണഭോക്തൃ ഗ്രൂപ്പുകളിൽ നിന്നും "ജലനിധി" യുടെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നിർദ്ദേശം വാങ്ങേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് സഹിതം സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുമാണ്. അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടിയന്തിരമായി തിരികെ ഒടുക്കേണ്ടതുമാണ്.

## 3-4 'സമ്പൂർണ്ണ വൈദ്യുതീകരണം ' - പ്രോജക്ട് നടത്തിപ്പിലെ വീഴ്ചകൾ

2016-17 സാമ്പത്തികവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 'സമ്പൂർണ്ണ വൈദ്യുതീകരണം ' (പ്രോജക്ട് നം.256/2017) എന്ന പ്രോജക്ട് പ്രകാരം മുപ്പത് ഗുണഭോക്താക്കൾക്ക് വീട് വൈദ്യുതീകരണത്തിന് 5000രൂപ ക്രമത്തിൽ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട് (ആകെ ചെലവ് 150000രൂപ, ബിൽ നം. 19/16-17 തീയതി. 27.3.2017 തുക – 110000/-, ബിൽ നം. 20/16-17 തീയതി. 31.3.2017 തുക – 40000/-).

ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന് അടുത്ത ഗ്രാമസഭയിൽ അംഗീകാരം വാങ്ങിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയവരിൽ ശ്രീ.വി.എൻ.രാജൻ, സജേഷ് ഭവനം കോന്നി എന്ന വ്യക്തിയുടെ റേഷൻകാർഡ് പരിശോധിച്ചതിൽ ഇദ്ദേഹം സർക്കാർ ഉദ്യോഗസ്ഥനാണെന്നു കാണുന്നു. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ (എ.എസ്) നം.04/2016 ത.സ്വ.ഭ.വ തീയതി 11.01.2016] , പുതുക്കിയ മാർഗ്ഗരേഖ [ജി.ഒ (ആർ.റ്റി.) നം.2464/2016ത.സ്വ.ഭ.വ തീയതി 17.08.2016] എന്നിവയിൽ പറഞ്ഞിട്ടുള്ള വരുമാന പരിധി പ്രകാരം ടിയാൻ ഈ ആനുകൂല്യത്തിന് അർഹനല്ല. അനർഹമായി നൽകിയ തുക പ്രസ്തുത വ്യക്തിയിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5000/- രൂപ നിരാകരിക്കുന്നു. ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 ഇല്ലാത്ത ബഡ്സ് സ്കൂളിനുവേണ്ടി പ്രോജക്ടുകൾ ആവിഷ്കരിച്ചു

2016-17സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 188600 രൂപ വകയിരുത്തി ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം.244/16-17), 110400 രൂപ വകയിരുത്തി ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് ഓണറേറിയം (പ്രോജക്ട് നം.245/16-17) എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നെങ്കിലും നടപ്പിലാക്കിയിട്ടില്ല. എന്നാൽ കോന്നി ഗ്രാമപഞ്ചായത്തിന് ബഡ്സ് സ്കൂൾ ഇല്ലായെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഇല്ലാത്ത ബഡ്സ് സ്കൂളിനുവേണ്ടി ഏത് സാഹചര്യത്തിലാണ് ഈ പ്രോജക്ടുകൾ ആവിഷ്കരിച്ചത് എന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നം.11/2016-17), കെട്ടിടം വാടകയ്ക്ക് എടുത്ത് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനു വേണ്ടി ഭരണസമിതി തീരുമാനിച്ച് പ്രൊജക്ടിന് അംഗീകാരം വാങ്ങിയെന്നും പിന്നീട് ആ കെട്ടിടം ബഡ്സ് സ്കൂളിന് പറ്റിയതല്ലെന്ന് കണ്ടെത്തിയതിനാൽ പ്രൊജക്ട് നടപ്പാക്കിയില്ലെന്നുമാണ് മറുപടി ലഭിച്ചത്. ഒരു ബഡ്സ് സ്കൂൾ പ്രവർത്തിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ ഇപ്രകാരം പദ്ധതികൾക്ക് തുക വകയിരുത്തിയത് ശരിയായ നടപടിയല്ല. സ്ഥലവും കെട്ടിടവും കണ്ടെത്തി ബഡ്സ്സ്കൂൾ ആരംഭിക്കുന്നതിനും അനുബന്ധസൗകര്യങ്ങൾ ഒരുക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ അർഹമായ രീതിയിൽ സഹായിക്കുന്നില്ല

ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ജില്ലാ, ബ്ളോക്ക്, ഗ്രാമപഞ്ചായത്തുകൾ ഫണ്ട് വകയിരുത്തി സ്കോളർഷിപ്പ് നല്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിക്കുവാൻ സ.ഉ(എം.എസ്) നം.4/2016/ത.സ്വ.ഭ.വ. തീയതി.11.01.2016 പ്രകാരം അനുശാസിക്കുന്നുണ്ട്. ഭിന്നശേഷിയുള്ളവർക്കുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണമെന്നും ടി മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പരമാവധി സ്കോളർഷിപ്പ് നൽകത്തക്കവണ്ണം അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം പ്രയോജനപ്പെടുത്തി കുറഞ്ഞനിരക്കിൽ (5500 രൂപ) സാമ്പത്തികസഹായം അനുവദിക്കുകയാണു ചെയ്തത്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസ്, താമസം (Day Scholar / hostler) എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി തുകയ്ക്ക് അർഹതയുണ്ട്. മാനസികവെല്ലുവിളി നേരിടുന്നവരെ കൂടുതൽ കാര്യപ്രാപ്തിയിലെത്തിക്കുവാൻ പരമാവധി സഹായം ചെയ്തു കൊടുക്കേണ്ടതാണ്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി പദ്ധതി ആവിഷ്കരിച്ച് ടിയാളുകൾക്ക് പരമാവധി സഹായം അനുവദിക്കാതിരുന്നത് ശരിയായ നടപടിയല്ല. പരമാവധി സ്കോളർഷിപ്പ് നല്കുന്നതിനുതകും വിധം പദ്ധതി ഭാവിയിൽ നടപ്പാക്കേണ്ടതാണ്.

## 3-7 പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു

പഞ്ചായത്തുഫണ്ടിന് നഷ്ടമുണ്ടാക്കുന്ന പ്രധാനപ്പെട്ട ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 370 പൊതുടാപ്പുകൾക്ക് പ്രതിമാസം 161875 രൂപയാണ് ഈ ഇനത്തിൽ ചെലവ്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് വർഷംതോറും ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കുൾക്കാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

സ്ഥലപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും വെള്ളക്കരം ശാസ്ത്രീയമായി കണക്കാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ അംഗൻവാടി കെട്ടിട നിർമ്മാണം യാഥാർത്ഥ്യമായില്ല

ഏഴാം വാർഡിൽ (വേങ്ങത്തടിക്കൽ) 71 -ാം നംപർ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തി തൻവർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൽപ്പെടുത്തിയിരുന്നു. 770000 രൂപ ആണ് എസ്റ്റിമേറ്റ് തുക. എന്നാൽ പ്രവൃത്തിസ്ഥലത്ത് തറ നിരപ്പാക്കിയതൊഴിച്ചാൽ മറ്റ് പണികളൊന്നും നാളിതുവരെ തുടങ്ങിയില്ല. ടെണ്ടർ മുഖേന പ്രവൃത്തിക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

പ്രവൃത്തി അടിയന്തിരമായി നിർവ്വഹിച്ച് അംഗൻവാടിക്കെട്ടിടം യാഥാർത്ഥ്യമാക്കേണ്ടതാണ്.

## 3-9 പൊന്തനാംകുഴി കോളനി സമഗ്ര വികസനം/ ബസ് സ്റ്റാന്റിന് സ്ഥലം നല്കൽ/ തെരുവു വിളക്കുകളുടെ മീറ്റർ സ്ഥാപനം - തുടർ നടപടിയില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയ ഗുരുതരമായ അപാകതകൾ പരിഹരിക്കുന്നതിന് നാളിതുവരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. പൊന്തനാംകുഴി കോളനി സമഗ്ര വികസനത്തിന് ജില്ലാപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന് ലഭിച്ച 45 ലക്ഷം രൂപയിൽ 30.27 ലക്ഷം രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായി 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-20 ൽ പരാമർശിച്ചിരുന്നു. എന്നാൽ ആയതിന്മേൽ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കാത്തത് അഭിലഷണീയമല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ വിനിയോഗിക്കാത്ത ഫണ്ട് സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനോ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2. ബസ് സ്റ്റാന്റിന്റെ സ്ഥലം അക്വിസിഷൻ നടപടികളിലൂടെ ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി ക്ക് സൗജന്യമായി വിട്ടുകൊടുത്ത ഇനത്തിൽ പഞ്ചായത്തിന് വൻ ബാധ്യത ഉണ്ടായത് സംബന്ധിച്ച് 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (3-2)ൽ പരാമർശിച്ചിരുന്നു. കെ.എസ്.ആർ.ടി.സി നിർത്തലാക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യുകയാണെങ്കിൽ സൗജന്യമായി വിട്ടു കൊടുക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്ന രീതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നത് ഇപ്പോഴും പാലിക്കപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

    1. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും നാളിതുവരെ മീറ്റർ സ്ഥാപനം യാഥാർത്ഥ്യമായില്ല എന്ന് 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 ൽ പരാമർശിച്ചതിന്മേൽ ഇതുവരെയും തുടർനടപടികൾ സ്വീകരിച്ചില്ല. ഈ വിഷയത്തിൽ കെ.എസ്.ഇ.ബി-ക്കെതിരെ നിയമനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

    മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിച്ച ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 1000000 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 1992794 | മോസ്പിറ്റ് കമ്പോസ്റ്റ് | 0 | 1992794 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 2000000 | നാരായണപുരം മാർക്കറ്റിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം | 0 | 2000000 |
| ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 1009901 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | 0 | 1009901 |
| ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 900000 | കൈതക്കുന്ന് അംഗൻവാടി നിർമ്മാണം | 0 | 900000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ | 280000 | 0 | 280000 |
| കെ. എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈനുകൾ നീട്ടലും ട്യൂബ് ലൈറ്റ് സ്ഥാപിക്കലും | 3044915 | 0 | 3044915 |

പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 (i) വായ്പ / വിനിയോഗം എന്നിവയുടെ വിവരം

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|

| ഇല്ല |
|---|

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | G.O 563/10/ LSGD തീയതി 22.2.2010 | 14239625 | 7256211 | 2968758 | - | 4287453 |
| ഇ.എം.എസ്. ഭവന പദ്ധതി | ഉത്തരവ് ലഭിച്ചിട്ടില്ല | 2680000 | 2144000 | 268000 | | 1876000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 2015-16 | 3-3 | 1650 | അനി സാബു തോമസ്, വാർഡ് മെമ്പർ | 11602100685/16.04.17 |
| | | 1650 | പ്രിയ.എ.വി, വാർഡ് മെമ്പർ | 11602102066/20.05.17 |
| | | 1650 | രതകമാരി, വാർഡ് മെമ്പർ | 11602102086/21.05.17 |
| | | 1650 | ഷീജ.ജി. വാർഡ് മെമ്പർ | 11602100689/02.05.17 |
| | | 1650 | ലീലാമ്മ, വാർഡ് മെമ്പർ | 11602102101/21.05.17 |
| | | 1650 | സിനി തോമസ്, വാർഡ് മെമ്പർ | 11602102114/21.05.17 |
| | | 1650 | കെ.ബി.വിക്രമൻ, വാർഡ് മെമ്പർ | 1160210382/30.05.17 |
| | | 1650 | ഏലിയാമ്മ സാറാമ്മ,വാർഡ് മെമ്പർ | 11602103696/07.07.17 |
| | | 1650 | തോമസ് മത്തായി, വാർഡ് മെമ്പർ | 11602103843/13.07.17 |
| | | 1650 | ജാനാമ്മ സുരേന്ദ്രൻ, | 11602104255/25.07.17 |

| | | | |
|---|---|---|---|
| | | വാർഡ് മെമ്പർ | |
| | 1650 | കെ.ശാന്തമ്മ, വാർഡ് മെമ്പർ | 11602105089/25.08.17 |
| ആകെ | 18150 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 31 | 2006-08 | 128 | വനിത സ്വയം തൊഴിൽ പദ്ധതി അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി | പരാമർശം നിലനിൽക്കുന്നു |
| 1999-2000 | 41 | 2006-08 | 132 | വേങ്ങത്തടിക്കൽ ലക്ഷം വീട് കോളനി റോഡ്- അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95198444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70102899 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 5000 | ശ്രീമതി ഷെമിമോൾ. കെ.ആർ. വി.ഇ.ഒ |
| ആകെ | 5000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷെമിമോൾ. കെ.ആർ, വി.ഇ.ഒ | വി.ഇ.ഒ, കോന്നി ഗ്രാമപഞ്ചായത്ത് | ഷെരീഫാ മൻസിൽ, മാങ്കോട്, പത്തനാപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125 /1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818 /2004തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09-തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | |
| 1997-98 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |

| | | |
|---|---|---|
| | | |
| 1998-99(ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01(ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02(ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88 /2004തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | |
| 2008-09 മുതൽ<br>2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016 തീയതി16.01.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P9/ 776/2017 Dated : 04.07.2017

Certified that I have examined the Annual Financial Statement of Konni Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Konni Grama Panchayat for the year 2016-17 except the observations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി9/776/2017 തീയതി : 04.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട